



# മിഷൻ വചനവിചിന്തനം ഒക്ടോബർ 01, 2019

**ലൂക്കാ 9:51-56** **ഫാ. ജെയ്സൺ കുന്നേൽ MCBS**

**ആ**ഗോള മിഷൻ മദ്ധ്യസ്ഥരിൽ ഒരാളായ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ദിനത്തിലാണ് കത്തോലിക്കാ സഭ അസാധാരണമായ മിഷൻ മാസത്തിന് (Extraordinary Mission Month) തുടക്കമിടുന്നത്. സമരിയാക്കാരുടെ ഇടയിൽ യേശുവിനും ശിഷ്യന്മാർക്കും നേരിട്ട തിരസ്കരണവും അതിനോടുള്ള യേശുവിന്റെ പ്രതികരണവുമാണ് ഇന്നത്തെ സുവിശേഷത്തിലെ പ്രതിപാദ്യ വിഷ യം.

ലൂക്കായുടെ സുവിശേഷത്തിലെ ‘തൻെറ ആരോഹണത്തിന്റെ ദിവസങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കവെ’ (ലൂക്കാ 9:51) എന്ന പ്രയോഗം യേശുവിന്റെ സ്വർഗ്ഗത്തിലേയ്ക്കുള്ള ആരോഹണം മാത്രമല്ല, (ലൂക്കാ 24:50-51; അപ്പ. 7:46) ജറുസലേമിൽ വച്ച് സംഭവിക്കാനിരുന്ന അവന്റെ പീഡാസഹനവും മരണവും ഉൾക്കൊള്ളുന്നു. പത്രോസിന്റെ വിശ്വാസപ്രഖ്യാപന സമയത്ത് യേശു, തന്റെ പീഡാസഹനത്തെക്കുറിച്ചും മരണത്തെക്കുറിച്ചും ഇതിനകം ശിഷ്യന്മാരോടു പറഞ്ഞതാണ്. ‘മനുഷ്യപുത്രൻ വളരെയേറെ സഹിക്കുകയും ജനപ്രമാണികൾ, പുരോഹിതപ്രമുഖന്മാർ, നിയമജ്ഞർ എന്നിവരാൽ തിരസ്കരിക്കപ്പെടുകയും വധിക്കപ്പെടുകയും മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു’ (ലൂക്കാ 9:22). ഇതു തന്നെ രൂപാന്തരീകരണത്തിനു ശേഷവും യേശു ശിഷ്യന്മാരോടു പറയുന്നു (ലൂക്കാ 9:44).

മൂന്നാമതായി യേശു ജറുസലേമിലേയ്ക്കു പോകുമ്പോൾ അവൻ പന്ത്രണ്ടു പേരെയും അടുത്തു വിളിച്ചു പറഞ്ഞു: ‘പീഡാനുഭവത്തെക്കുറിച്ച് പറയുന്നു’ (ലൂക്കാ 18:31-33). മൂന്ന് അവസരങ്ങളിലും ഈ വാക്കുകളുടെ അർത്ഥം അവർ മനസ്സിലാക്കാൻ കഴിയുന്നില്ലെന്ന് യേശു ശിഷ്യന്മാരോടു പറയുന്നുണ്ട്.

സാർവ്വത്രിക രക്ഷയെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി, യേശു ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ട (യോഹ.12:32) ജറുസലേമിലൂടെയാണ് സംഭവിക്കുന്നത്. പുതിയ ജറുസലേമാണ് സഭ. ഈ സഭയിലേയ്ക്കുള്ള വരവ് വളരെ തീവ്രവും ചെറുക്കാനാവാത്തതും ദൈവീകവും യേശു കുരിശിൽ ജീവിച്ചതും സാക്ഷ്യം നൽകിയതും രൂപാന്തരപ്പെടുത്തിയതുമായ ദൈവികരഹസ്യത്തിന്റെ ആകർഷണം മൂലമാണ് സംഭവിക്കുക. എല്ലാ ദേശങ്ങളും ജറുസലേമിലേയ്ക്ക് - രക്ഷാകര രഹസ്യം പൂർത്തിയാക്കാൻ ദൈവം തിരഞ്ഞെടുത്ത സ്ഥലമായ - ജറുസലേമിലേയ്ക്ക് പരിവർത്തനം ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തിയാണിത്.

യേശു തന്റെ ദൗത്യം ആദ്യം ആരംഭിച്ചത് പന്ത്രണ്ട് ശിഷ്യന്മാരുടെ ഇടയിലാണ്, പിന്നീട് സവിശേഷമായ വിളി ഉൾക്കൊള്ളുന്ന സഭയായി അത് വളർന്നു. ശിഷ്യന്മാർക്കും മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും യേശുവിനെ അനുഗമിക്കാതെ നിവൃത്തിയില്ല. ഇത് മാനസാന്തരത്തിന്റെ ഒരു യാത്രയാണ്, ഒരു വിളിയോടു കൂടി ആരംഭിക്കുന്നതും ഒരുവന്റെ ജീവിതം മുഴുവൻ തുടരുന്നതുമായ പ്രവർത്തിയാണത്.

സമരിയായിൽ കൂടി യേശു ജറുസലേമിലേയ്ക്കു പോകുന്ന സംഭവം, സുവിശേഷവത്കരണവും സാർവ്വത്രിക രക്ഷയും ദൗത്യമായി സ്വീകരിച്ച

ഒരു ക്രിസ്തുശിഷ്യൻ തീർച്ചയായും കടന്നു പോകേണ്ട മാനസാന്തരത്തിന്റെ സൂചനകളാണ് നൽകുന്നത്.

യേശു തനിക്കു മുമ്പേ ഏതാനും ദൂതന്മാരെ സമരിയാക്കാരുടെ ഒരു ഗ്രാമത്തിലേയ്ക്ക് അയയ്ക്കുന്നു (ലൂക്കാ 9:52), യഹൂദരും സമരിയാക്കാരും തമ്മിലുള്ള ശത്രുത്രയെക്കുറിച്ച് യേശുവിന് നല്ലതുപോലെ അറിയാം (യോഹ. 4:20). പക്ഷേ, അത് അവനെ പിന്തിരിപ്പിക്കുന്നില്ല. ശിഷ്യന്മാർ ശത്രുതയെ വ്യത്യസ്തമായ രീതിയിൽ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് യേശുവിന് പഠിപ്പിക്കണമായിരുന്നു. ഇടിമുഴക്കത്തിന്റെ പുത്രന്മാരായ യാക്കോബിൻെറയും യോഹന്നാന്റെയും ഉള്ളിൽ സമരിയാക്കാരെക്കുറിച്ച് നിഷേധാത്മകമായ ചിന്തയാണ് ആദ്യം വന്നത്. 'കർത്താവേ, സ്വർഗത്തിൽ നിന്ന് അഗ്നിയിറങ്ങി ഇവരെ നശിപ്പിക്കട്ടെ എന്ന് ഞങ്ങൾ പറയട്ടെയോ?' (ലൂക്കാ 9:54.) ഞങ്ങൾ ഞങ്ങളുടെ മതത്തിന്റെ യഥാർത്ഥ കാവൽക്കാരണെന്നുള്ള വിവേകശൂന്യമായ ബോധ്യത്തിൽ നിന്നാണ് ഇത്തരമൊരു പ്രത്യുത്തരം അവരിൽ നിന്നു വരുന്നത്. യേശുവിന് അവരുടെ വികലമായ കാഴ്ചപ്പാടുകളെ ഒരിക്കലും ഉൾകൊള്ളാനാകില്ല, യേശു അവരെ ശകാരിക്കുന്നു. 'അവൻ തിരിഞ്ഞ് അവരെ ശാസിച്ചു' (ലൂക്കാ 9:55). രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിൽ ഏലിയായെ അഹസിയാ രാജാവിന്റെ സവിധത്തിലേയ്ക്ക് കൂട്ടിക്കൊണ്ടു പോകുവാൻ ദൂതന്മാരെ അയച്ചപ്പോൾ, ഏലിയാ ആകാശത്തു നിന്ന് അഗ്നി ഇറക്കി അവരെ ദഹിപ്പിക്കുന്നു (2 രാജാ. 1:9-16). ഈ സംഭവവും മനസ്സിൽ സൂക്ഷിച്ചാണ് യേശു അവരോടു ശാസിക്കുന്നത്. പഴയനിയമത്തിന്റെ പൂർത്തീകരണമായ യേശു പഠിപ്പിക്കുന്ന ഒന്നാമത്തെ സുവിശേഷവത്കരണ മാർഗ്ഗം സ്നേഹത്തിന്റേതാണ്; ശത്രുതയുടേതല്ല.

ഈ വചനഭാഗം യേശുവിന്റെ ദൗത്യത്തെക്കുറിച്ചുള്ള വ്യക്തമായ ക്രിസ്തീയ മതബോധനമാണ്. അത് പ്രതികാരം അടിച്ചേൽപ്പിക്കുന്നതല്ല. യാക്കോബിലും യോഹന്നാനിലുമുള്ള പ്രതികാരത്തിന്റെ ആത്മാവിനെ യേശു ശാസിക്കുന്നു. പ്രതികാരം, അത് എന്തിനാണെങ്കിലും ആരോടാണെങ്കിലും പ്രേഷിതപ്രവർത്തനത്തിന്റെ ഭാഗമല്ല എന്ന് യേശു അസന്നിദ്ധമായി പ്രഖ്യാപിക്കുന്നു.

ഈ സുവിശേഷ കഥയിൽ സമരിയാക്കാർ തിരസ്കരിക്കുമ്പോൾ പ്രതികാരം കാട്ടാതെ യേശു മറ്റൊരു ഗ്രാമത്തിലേയ്ക്ക് പോകുന്നു (ലൂക്കാ 9:56). ഇതൊരു വലിയൊരു അജപാലന നൈപുണ്യമാണ്, പിന്നീടുള്ള സുവിശേഷഭാഗത്തും (ലൂക്കാ 10:1011) പത്രോസിന്റെയും ബർണാബാസിന്റെയും അന്ത്യോക്യായിലേയ്ക്കുള്ള ആദ്യ പ്രേഷിതയാത്രയിലും (അപ്പ. പ്രവ. 13:46). ഇതു തന്നെ കാണുന്നു.

സമരിയാക്കാർ സ്വീകരിക്കാത്തതിനെപ്പറ്റി യേശു ഒരു വാക്കു പോലും സംസാരിക്കുന്നില്ല. എന്നാലും, ജറുസലേമിലെ സഭയുടെ ആദ്യ പ്രേഷിതരംഗങ്ങളിലൊന്ന് സമരിയായിലായിരുന്നു. ഫിലിപ്പോസ് ആത്മാവിനാൽ പ്രേരിതനായി സമരിയായിൽ ശുശ്രൂഷ ചെയ്യുകയും (അപ്പ. പ്രവ. 8:5), പത്രോസും യോഹന്നാനും അത് പൂർത്തിയാക്കുകയും ചെയ്യുന്നു (അപ്പ. പ്രവ. 8:1417).

സഭയുടെ ദൗത്യം യേശുവിന്റെ വ്യക്തിത്വവും രഹസ്യവുമായി അനുരൂപപ്പെടുക എന്നതാണ്. ഇതു ഒരുവന്റെ ജീവിതം മുഴുവൻ ഉൾക്കൊള്ളുന്ന മാനസാന്തര പ്രക്രിയയാണ്. പ്രേഷിത മേഖലകളുടെ പുതിയ വാതായനങ്ങൾ തുറക്കുവാനും ജനതകളുടെ ഹൃദയങ്ങളെ ചലിപ്പിക്കാനും അപ്പോഴേ സാധിക്കൂ. ജനതകളെ മാനസാന്തരത്തിലേയ്ക്ക് നയിക്കേണ്ട സമയവും വഴികളും ആത്യന്തികമായി കർത്താവിന്റേതാണ്. സഭയുടെ ദൗത്യം യേശുവിന്റെ വ്യക്തിത്വത്തിലേയ്ക്കും ആത്മചൈതന്യത്തിലേയ്ക്കും സ്വയം പരിവർത്തനം ചെയ്യുകയെന്നതാണ്. തിരസ്കരണത്തെ ക്ഷമ കൊണ്ടും സ്നേഹം കൊണ്ടും നേരിടുന്ന യേശു ശൈലി.

ലിസ്യുവിലെ വി. കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന്റെ പടിവാതിൽ പോലും കണ്ടിട്ടില്ല. സ്നേഹം കൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞു മിഷനറി' യുടെ ഓർമ്മദിനത്തിൽ സ്നേഹമാണ് ആദ്യ പ്രേഷിതമാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്കു വളരാം.